439435/2023

"ഭരണഭാഷ - മാതൃഭാഷ"

നം:എ3/14200/2023/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 16-09-2023

പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം-സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ ഹൈസ്കൂൾ അസിസ്റ്റന്റ്മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്- സംബന്ധിച്ച്-

സൂചന :- 1. സർക്കാർ കത്ത് നം.സി4/146/2023 പൊ.വി.വ നം.തീയതി:05.07.2023
2. അനൗദ്യോഗിക കുറിപ്പ് നം.ഡി6/13443/2022/ഡിജിഇ തീയതി:18.08.2023

*****

പൊതു വിദ്യാഭ്യാസ വകുപ്പിലെ പഞ്ചായത്ത് സ്കൂൾ ഹൈസ്കൂൾ അദ്ധ്യാപകരുടെ 01.07.2023 വരെയുള്ള സീനിയോരിറ്റി പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സൂചന (1) പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.31.07.1980 മുതൽ 01.12.2008 വരെയുള്ള പഞ്ചായത്ത് സ്കൂൾ ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടികയാണ് നിലവിൽ ഉള്ളത്. സൂചന (2) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് **01.01.2009 മുതൽ 31.06.2023** വരെയുള്ള പഞ്ചായത്ത് സ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനായി ചുവടെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1) 01.01.2009 മുതൽ 31.06.2023 വരെ നിയമിതരായ മുഴുവൻ പഞ്ചായത്ത് സ്കൂകളിലെ ഹൈസ്കൂൾ അദ്ധ്യാപകരും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സർവീസ് കാർഡ് പൂരിപ്പിച്ച് ആയതിൽ ഒപ്പ് രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് **30.09.2023** ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

2) ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന സർവീസ് കാർഡുകൾ ശേഖരിച്ച് ആയതിലെ വിവരങ്ങൾ സേവനപുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന്

ബോധ്യപ്പെടുകയും ,മേലൊപ്പ് ചാർത്തി സർവീസ് കാർഡുകൾ അനുബന്ധ രേഖകകൾ സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് 15.10.2023 ന് മുൻപായി നൽകുകയും ചെയ്യേണ്ടതാണ്.

3) വിദ്യാഭ്യാസ ഉപഡയറക്ടർമാർ സർവീസ് കാർഡുകൾ ശേഖരിച്ച് ആയതിലെ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ബോധ്യപ്പെടുകയും,മേലൊപ്പ് ചാർത്തി സർവീസ് കാർഡുകൾ ,അനുബന്ധ രേഖകൾ സഹിതം 31.10.2023 ന് മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.തപാൽ മുഖേനയും അല്ലാതെയുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4) ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ,അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ എന്നിവരുടെ സേവന പുസ്തകം സൂക്ഷിച്ചിട്ടുള്ള ഓഫീസ് മേധാവി പ്രസ്തുത ജീവനക്കാരെ വിവരം അറിയിച്ച് സർവീസ് കാർഡ് ഒപ്പിട്ടു വാങ്ങി ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

5) സർവീസ് കാർഡിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ടി മാതൃകയിൽ തയ്യാറാക്കി നൽകുന്ന സർവീസ് കാർഡുകൾ മാത്രമേ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനായി പരിഗണിക്കുകയുള്ളൂ.

6) സർവീസ് കാർഡുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന താൽകാലിക സീനിയോരിറ്റി പട്ടികയിൽ സമയബന്ധിതമായി സർവീസ് കാർഡ് നല്കാത്തതിനാൽ ഏതെങ്കിലും ജീവനകാരുടെ പേര് ഉൾപ്പെടാതെ പോയാൽ ,ആയതിന് ബന്ധപ്പെട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപഡയറക്ടർമാർ മാത്രമായിരിക്കും ഉത്തരവാദി എന്നറിയിക്കുന്നു.

8) സർവീസ് കാർഡിലെ വിവരങ്ങൾ പരിശോധിച്ച് ആയത് പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട ജില്ല വിദ്യാഭ്യാസ ഓഫീസർമാരുടെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടേയും ചുമതലയാണ്.ഇതുമായി ഉണ്ടായേക്കാവുന്ന എല്ലാ അപാകതകൾക്കും ബന്ധപ്പെട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപഡയറക്ടർമാർ മാത്രമായിരിക്കും ഉത്തരവാദി എന്നും ഓർമ്മിപ്പിക്കുന്നു.

Signed by
Bijumon Joseph
Date: 16-09-2023 17:33:47

ബിജുമോൻ ജോസഫ്
പെൻ:101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

439435/2023

സ്വീകർത്താക്കൾ:

1.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

2.എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും(താങ്കളുടെ കീഴിലുള്ള എല്ലാ പഞ്ചായത്ത് സ്കൂളുകളിലേയും ഹൈസ്കൂൾ അദ്ധ്യാപകർക്ക് സർക്കുലർ നൽകി സർക്കുലറിലെ നിർദേശങ്ങൾ പാലിച്ച് സർവീസ് കാർഡുകൾ നൽകുന്നതിന് നിർദേശം നൽകേണ്ടതാണ്.)

3.ഡയറക്ടർ.സമഗ്ര ശിക്ഷ കേരളം,തിരുവനന്തപുരം.(ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എല്ലാ പഞ്ചായത്ത് സ്കൂളുകളിലേയും ഹൈസ്കൂൾ അദ്ധ്യാപകരെ വിവരം അറിയിക്കേണ്ടതാണ്.)

4.ഡയറക്ടർ.എസ്.സി.ഇ.ആർ.റ്റി ,തിരുവനന്തപുരം.(ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എല്ലാ പഞ്ചായത്ത് സ്കൂളുകളിലേയും ഹൈസ്കൂൾ അദ്ധ്യാപകരെ വിവരം അറിയിക്കേണ്ടതാണ്.)

5.എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,(ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എല്ലാ പഞ്ചായത്ത് സ്കൂളുകളിലേയും ഹൈസ്കൂൾ അദ്ധ്യാപകരെ വിവരം അറിയിക്കേണ്ടതാണ്.)

6.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

7.എല്ലാ പഞ്ചായത്ത് സ്കൂൾ പ്രധാമാദ്ധ്യാപകർക്കും

8.ഓഫീസ് കോപ്പി/കരുതൽ ഫയൽ

# സർവ്വീസ് കാർഡ്

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

(പൊതുവിദ്യാഭ്യാസ വകുപ്പ്)

പഞ്ചായത്ത് സ്കൂൾ എച്ച്.എസ്.എ 2009-2023

**ജില്ലയുടെ പേര് :**

| | | |
|---|---|---|
| 1 | പെർമനന്റ് എംപ്ലോയീ നമ്പർ (പെൻ) | |
| 2 | അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേര് | |
| 3 | ജനനതീയതി | |
| 4 | പഠിപ്പിക്കുന്ന വിഷയം | |
| 5 | ഇപ്പോൾ ജോലിചെയ്യുന്ന സ്കൂളിന്റെ പേര് | |
| 6 | ആഫീസ് ഫോൺ നം. (എസ്.ടി.ഡി കോഡ് സഹിതം | |
| 7 | മൊബൈൽ നം. | |
| 8 | **സേവനത്തിൽ പ്രവേശിച്ചതിന്റെ വിശദാംശങ്ങൾ** | |
| a. | **പി.എസ്.സി** മുഖേനയുള്ള നിയമനമെങ്കിൽ അഡ്വൈസ് നം.& തീയതി | |
| | പി.എസ്.സി അഡ്വൈസ് ക്രമ നം. | |
| b. | **ആശ്രിത നിയമനം** മുഖേനയുള്ള നിയമനമെങ്കിൽ വകുപ്പുതല നിയമനാധികാരിയുടെ ഉത്തരവ് നം. & തീയതി | |
| c. | **സ്പെഷ്യൽ റിക്രൂട്ട്മെന്റ് (വികലാംഗർ)** ജില്ലാ കളക്ടർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നം. & തീയതി | |
| d. | **പി.ഡി ടീച്ചർ തസ്തികയിൽ നിന്ന് എച്ച്.എസ്.എ** തസ്തികയിലേക്ക് പെർമനെന്റ് പ്രൊമോഷൻ ലഭിച്ചതാണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നം. & തീയതി | |
| e. | **അന്തർജില്ലാ സ്ഥലംമാറ്റം** ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| f. | **വികലാംഗരായ എംപ്ലോയ് മെന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയതാണെങ്കിൽ** വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നം. & തീയതി | |
| g. | **വികലാംഗരായ എംപ്ലോയ്മെന്റ് ജീവനക്കാരുടെ എച്ച്.എസ്.എ തസ്തികയിലെ പുനർ നിയമനം** ആണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമന ഉത്തരവ് നം. & തീയതി | |
| 9 | കോടതി വിധി ഉള്ളപക്ഷം ആയതിന്റെ ഉത്തരവ് നം. തീയതി.(വിധി പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്) | |
| 10 | **8(b) മുതൽ (g) വരെയുള്ള കാറ്റഗറിയിൽ ഒരേ തീയതിയിൽ ഒന്നിൽ കൂടുതൽ പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ള പക്ഷം താങ്കളുടെ ക്രമ നം.** | |
| 11 | ജോലിയിൽ പ്രവേശിച്ച തീയതി. | |
| 12 | സർക്കാർ സർവ്വീസിലേക്ക് അബ് സോർബ് ചെയ്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ അവരുടെ ഗവ. സർവ്വീസിലെ സീനിയോറിറ്റി പരിഗണിക്കുന്ന തീയതി (പ്രസ്തുത സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്) | |

| | | |
|---|---|---|
| 13 | സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ചതാണെങ്കിൽ പി.എസ്.സി അഡ്വൈസ് നം. & തീയതി | |
| | പി.എസ്.സി അഡ്വൈസ് ക്രമ നം | |
| | ജോലിയിൽ പ്രവേശിച്ച തീയതി | |
| 14 | പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പർ തീയതി പ്രൊബേഷൻ പൂർത്തീകരിച്ച തീയതി | |
| 15 | പ്രൊബേഷന് മുമ്പ് ശൂന്യവേതന അവധി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർണ്ണ വിവരങ്ങൾ | |
| 16 | അച്ചടക്ക നടപടി മൂലം റാങ്ക് കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | |
| 17 | ജോലിയിൽ പ്രവേശിക്കാൻ നിയമന ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിൽ കൂടുതൽ എക്സ്റ്റെൻഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവിന്റെ നം. & തീയതി | |
| | ജോലിയിൽ പ്രവേശിച്ച തീയതി നം. & തീയതി | |
| 18 | **വകുപ്പ് തല പരീക്ഷാ യോഗ്യത നേടിയ വിവരങ്ങൾ (മാസം, വർഷം)** | |

| അക്കൗണ്ട് ടെസ്റ്റ് ലോവർ | അക്കൗണ്ട് ടെസ്റ്റ് ഹയർ | കെ.ഇ.ആർ |
|---|---|---|
| | | |

അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ
ഒപ്പ്, തീയതി

പേര്:

## സത്യപ്രസ്താവന

അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ സർവ്വീസ് വിവരങ്ങൾ സർവ്വീസ് ബുക്കുമായി പരിശോധിച്ച് ശരിയാണെന്നും, ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും ഇതിനാൽ ഉറപ്പ് നൽകുന്നു.

പ്രധാനാദ്ധ്യാപകന്റെ/പ്രധാനാദ്ധ്യാപികയുടെ
ഒപ്പ്, തീയതി

പേര്:

- 01/01/2009 മുതൽ 31/06/2023 വരെയുള്ള കാലയലളവിൽ നിയമന ശുപാർശ/ ഉത്തരവ് ലഭിച്ചവർ മാത്രം അപേക്ഷ സമർപ്പിച്ചാൽ മതി
- നിയമനം ലഭിച്ച കാറ്റഗറി ഏതാണോ പ്രസ്തുത കോളങ്ങൾ പൂരിപ്പിക്കേണ്ടതും, അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സർവ്വീസ് കാർഡിനോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതുമാണ്.
- അപൂർണ്ണമായ വിവരങ്ങൾ നൽകുന്നവരുടേയും ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യാത്തവരുടെയും പേരുകൾ യാതൊരു കാരണവശാലും സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.